# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 216 07.12.2018- ൽ മറുപടിയ്ക്ക്

## വൃക്ഷങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ജി.എസ്.ജയലാൽ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, എൽദോ എബ്രഹാം** | **അഡ്വ. കെ.രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) പൊതുജനങ്ങൾക്ക് പാരിസ്ഥിതിക അവബോധം ഉണ്ടാക്കുന്നതിനായി വനം വകുപ്പ് നടപ്പാക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | എ) എല്ലാ വർഷവും പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജൂൺ 5-ന് പൊതുജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, എന്നിവയ്ക്കും സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. എന്റെ മരം, നമ്മുടെ മരം പദ്ധതി പ്രകാരവും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തു വരുന്നു. കാവ് സംരക്ഷണത്തിനും സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണത്തിനും, കണ്ടൽ വെച്ചുപിടിപ്പിക്കുന്നതിനും സർക്കാർ അനുമതി പ്രകാരമുള്ള സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ഔഷധത്തോട്ടം, നക്ഷത്രവനം എന്നീ പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കി വരുന്നു. വനവൽക്കരണത്തിനെയും പരിസ്ഥിതി സംരക്ഷണത്തിനെയും സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകളും, നേച്ചർ ക്യാമ്പുകളും സെമിനാറുകൾ, ശില്പശാലകൾ, റാലികൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. എല്ലാ വർഷവും വന്യജീവി വാരാഘോഷത്തിൽ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകിവരുന്നു. കൂടാതെ സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് വനസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി ബോധവൽക്കരണം നടത്തി വരുന്നുണ്ട്. മികച്ച ജൈവവൈവിധ്യ |

സംരക്ഷണപ്രവർത്തനം നടത്തുന്നവർക്ക് വനമിത്ര അവാർഡ് നൽകിവരുന്നു.

| | | | |
|---|---|---|---|
| ബി) | സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഫലവൃക്ഷങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടോ; | ബി) | സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി G.O(Rt)No.486/12/F&WLD തീയതി 29.09.2012 എന്ന സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകൾ അനുസരിച്ചാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് തടിയുടെ ലഭ്യത കൂട്ടി, തടി ലഭ്യതയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യമാണ് ടി പദ്ധതിയിൽ കൂടി പ്രാവർത്തികമാക്കുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നീ വൃക്ഷത്തൈകൾ നട്ട് വളർത്തുന്നവർക്കാണ് ധനസഹായം നൽകി വരുന്നത്. തടി ഉപയോഗത്തിന് അധികമായി ആശ്രയിക്കുന്ന വൃക്ഷങ്ങൾക്കാണ് ഫലവൃക്ഷങ്ങളേക്കാൾ ഈ പദ്ധതിയിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. |
| സി) | പൊതുനിരത്തുകളിലും സർക്കാർ വക സ്ഥലങ്ങളിലും നിൽക്കുന്ന അപകടാവസ്ഥയിലുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ആയതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | സി) | അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയൻ നൽകുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ ജി.ഒ.(ആർ.റ്റി) നം.68/2010/വ.വ.വ. തീയതി 10.02.2010 പ്രകാരമുള്ള പരിസ്ഥിതി കമ്മിറ്റിയെ കാണിച്ച് ആവശ്യകത ബോധിപ്പിച്ച് റെയിഞ്ചാഫീസർമാർ നൽകുന്ന ശുപാർശയിൽ തീർപ്പ് കൽപ്പിക്കുകയാണ് നടപടി ക്രമം. 11.07.2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ജീവനും സ്വത്തിനും ഹാനികരമായി നിൽക്കുന്ന മരങ്ങൾ അതാത് വകുപ്പുതല ഉദ്യോഗസ്ഥൻമാർ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുൻപാകെ അപേക്ഷ സമർപ്പിച്ച് (സി.ആർ.പി.സി.വകുപ്പ് 133 പ്രകാരം) അനുമതിയോടുകൂടി ഉടൻ മുറിച്ചുമാറ്റണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് മരം മുറിക്കുന്നതിനു മാത്രമാണ് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായ ട്രീ കമ്മിറ്റിയുടെ അനുമതി ആവശ്യമുള്ളത്. അപകടാവസ്ഥയിലുള്ള മരത്തിന്റെ വിലനിർണ്ണയം മാത്രവും |

വികസന പ്രവർത്തനങ്ങൾക്കുള്ള മരം മുറിയുടെ അനുമതിയുമാണ് നിലവിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ നിന്ന് നൽകുന്നത്. റവന്യൂ ഡിവിഷണൽ ഓഫീസർമാർ /എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് നൽകിയ അനുമതിയോടെ മുറിച്ചുമാറ്റിയശേഷവും തടിക്ക് വാല്യൂവേഷൻ വകുപ്പ് നൽകിവരുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി) | കഴക്കൂട്ടം- തിരുവനന്തപുരം നാഷണൽ ഹൈവേ വികസനത്തിനായി മരങ്ങൾ മുറിച്ചുനീക്കിയതിനെത്തുടർന്ന് പകരം വനവൽക്കരണത്തിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | ഡി) | കഴക്കൂട്ടം- മുക്കോല - ബൈപാസ് നിർമ്മാണത്തിനായി 4073 നമ്പർ മരങ്ങൾ മുറിച്ചുനീക്കുവാൻ അനുമതി നൽകിയതിനെ തുടർന്ന് മുറിച്ചുനീക്കിയ മരങ്ങൾക്ക് പകരമായി 1:10 എന്ന അനുപാതത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യമായ തുക നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് കഴക്കൂട്ടം സൈനിക സ്കൂൾ ക്യാമ്പസിനകത്ത് 20 ഹെക്ടറിലും ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിനകത്ത് 1.28 ഹെക്ടറിലുമായി 34000 തദ്ദേശീയ വൃക്ഷത്തൈകൾ 2016-17 വർഷത്തിൽ നട്ടുപിടിപ്പിച്ച് പരിപാലിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ